കേരള സാഹിത്യ അക്കാദമി
തൃശൂർ

# വലിയ പ്രകാശങ്ങൾ ഇല്ലാതാവുന്നു

## സുഭാഷ്ചന്ദ്രൻ

തൃശൂർ : നന്മയുടെയും നീതിയുടെയും അന്തസ്സിന്റെയും പ്രതീകങ്ങളായി എടുത്തുകാണിക്കാൻ മഹദ്വ്യക്തിത്വങ്ങൾ ഇല്ലാതെ പോകുന്ന അപകടം പിടിച്ച കാലമാണിതെന്ന് എഴുത്തുകാരൻ സുഭാഷ് ചന്ദ്രൻ പറഞ്ഞു. വലിയ പ്രകാശങ്ങൾ ഇല്ലാതായതിനാൽ അധോലോകങ്ങളിൽ മാത്രം ഒതുങ്ങിക്കൂടേണ്ടത് സമൂഹത്തിന്റെ ആരാധനാപാത്രമായിത്തീരുന്നുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവവേദിയിൽ നടന്ന മാധ്യമങ്ങളും സമ്മതിയുടെ നിർമ്മിതിയും എന്ന സെമിനാറിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മാധ്യമങ്ങൾ മാത്രമല്ല, ഒട്ടേറെ സാമൂഹിക ഏജൻസികളും സമ്മതി നിർമ്മിക്കുന്നുണ്ടെന്ന് മുഖ്യപ്രഭാഷണം നടത്തിയ എൻ.പി.ചന്ദ്രശേഖരൻ അഭിപ്രായപ്പെട്ടു. മാധ്യമങ്ങളുടെ സമ്മതി നിർമ്മിതിക്ക് മുന്നിൽ മാധ്യമസാക്ഷരത ജനങ്ങളുടെ അവകാശം എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് വേണം നാം മുന്നോട്ട് പോകാൻ.

ലിസി, എൻ.സുസ്മിത, എൻ.ശ്രീകുമാർ, രവീന്ദ്രൻ തൃക്കരിപ്പൂർ, രാജൻ എലവത്തൂർ എന്നിവരും സംസാരിച്ചു.

തുടർന്ന്, ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'ഗസൽ' സംഗീതാനുഭവം, പണ്ഡിറ്റ് ഡോ.നാഗരാജറാവു ഹവൽദാറിന്റെ ഹിന്ദുസ്ഥാനി സംഗീതക്കച്ചേരി എന്നിവയും അരങ്ങേറി.

ദേശീയ പുസ്തകോത്സവവേദിയിൽ ഡോ.പി.കെ.ചന്ദ്രൻ മൊഴിമാറ്റം നടത്തിയ ശരൺകുമാർ ലിംബാളെയുടെ അവർണൻ എന്ന നോവൽ ഡോ.കെ.പി.മോഹനൻ ഡോ.എൻ.ആർ.ഗ്രാമപ്രകാശിന് നൽകി പ്രകാശനം ചെയ്തു. അഡ്വ.വി.എൻ.ഹരിദാസ് എഴുതിയ കേരളത്തിലെ പരിസ്ഥിതി മുന്നേറ്റങ്ങൾ എന്ന പുസ്തകം ഡോ.എം.പി.പരമേശ്വരൻ അനീഷ് പി.രാജന് നൽകി പ്രകാശനം ചെയ്തു.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി

തൃശൂർ
08.04.2017

---

# ഇന്നത്തെ പരിപാടി (09.04.2017)

തൃശൂർ : കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവം. 10:00ന് പുസ്തകപ്രകാശനം. 11:30ന് പൊതുജനപ്രശ്നോത്തരി. 03:00ന് ഗ്രന്ഥശാലാപ്രവർത്തകർക്ക് ആദരം. 04:30ന് കവിസംഗമം. ഉദ്ഘാടനം : ഏഴാച്ചേരി രാമചന്ദ്രൻ. 07:00ന് ഗസൽ : ഗായത്രി.